# ഇതോ ജനാധിപത്യം?

**തെ**രഞ്ഞെടുപ്പുപ്രക്രിയ ആരംഭിച്ചുകഴിഞ്ഞാൽപ്പിന്നെ ബാഹ്യശക്തികളുടെ ഇടപെടൽ അതിൽ അനുവദിക്കരുതെന്നുള്ളത് സുപ്രീംകോടതിയുടെ പ്രധാനപ്പെട്ടൊരുവിധിയാണ്. എന്നാൽ കേരളയുണിവേഴ്സിററിയിൽ സംഭവിച്ചിരിക്കുന്നത് നോക്കുക. നാലുവർഷം കൂടുമ്പോൾ സെനററ് പുനഃസംഘടിപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കാൻ യൂണിവേഴ്സിററി തെരഞ്ഞെടുപ്പുപ്രക്രിയ തുടങ്ങുന്നു. പത്രത്തിൽ പരസ്യം ചെയ്യുന്നു. നോമിനേഷൻ പേപ്പർ വിതരണം ചെയ്യുന്നു; സ്വീകരിക്കുന്നു. ഇങ്ങനെ മുന്നോട്ടു പോകെ സർക്കാർ തെരഞ്ഞെടുപ്പുനിർത്തിവെക്കാൻ ആവശ്യപ്പെടുന്നു. കേട്ടപാതി വൈസ്ചാൻസ്ലർ തെരഞ്ഞെടുപ്പ് സ്റേറ ചെയ്യുന്നു. എങ്ങിനെയുണ്ട് നമ്മുടെ ജനാധിപത്യം ?

ഇപ്പോൾ കേരളം ഭരിക്കുന്നവർ അധികാരത്തിൽ വന്ന ഉടനേ ചെയ്തത് ജനങ്ങൾ തെരഞ്ഞെടുത്ത ജില്ലാകൗൺസിലുകളുടെ അധികാരങ്ങളെല്ലാം കവർന്നെടുക്കുകയായിരുന്നു. അതുകഴിഞ്ഞ് ഗ്രന്ഥശാലാരംഗത്തെ ജനാധിപത്യം ഇല്ലായ്മചെയ്തു. പിന്നെ സഹകരണരംഗം താറുമാറാക്കി. ഇങ്ങനെ പിഞ്ഞാണിക്കടയിൽക്കയറിയ കാളക്കൂററനെപ്പോലെ ഇപ്പോൾ ഉന്നതവിദ്യാഭ്യാസരംഗത്തു കൈവച്ചിരിക്കുകയാണ്. ജനാധിപത്യത്തിൻെറപേരിൽ നാഴികയ്ക്കു നാല്പതുവട്ടം ആണയിടുന്നവരാണ് ഇതൊക്കെ ചെയ്യുന്നതെന്നോർക്കണം.

ആരംഭിച്ചതെരഞ്ഞെടുപ്പ് അടിയന്തിരമായി ഇടപെട്ട് ഇവർ നിർത്തിവയ്പിച്ചതെന്തിനായിരിക്കും ? തെരഞ്ഞെടുപ്പിലൂടെ വരുന്നവരെ ഒഴിവാക്കണം. പകരം സ്വന്തം ജാതിക്കാരെയും മതക്കാരെയും പിൻവാതിലിലൂടെ നോമിനേററു ചെയ്യണം. പോലീസിൽ വരെ ജാതിയും മതവും പറഞ്ഞ് സ്ഥാനം നേടുന്ന സമയമാണിത്. സിൻഡിക്കേററും സെനററും നായർക്കും ക്രിസ്ത്യാനിക്കും, മുസ്ലീമിനുമായി പങ്കുവച്ചു കിട്ടാൻ പററിയ അവസരം പാഴാക്കാമോ !

സർവ്വകലാശാല ഒരു സ്വയംഭരണ സ്ഥാപനമാണെന്നാണ് സങ്കല്പം. അവിടെ ഇത്തരത്തിൽ ഇടപെടാൻ സർക്കാരിനധികാരമില്ല. ഇല്ലാത്ത അധികാരം പ്രയോഗിച്ചിരിക്കുന്നതാകട്ടെ ഏകീകൃത നിയമം കൊണ്ടുവരാനാണെന്നാണു പറയുന്നത്. അപ്പോൾ വരാൻ പോകുന്ന 'ഏകീകൃത'ത്തിൻെറ ഉള്ളടക്കം ഇപ്പോഴേ ഊഹിക്കാം. ഇങ്ങനെ ജനാധിപത്യം കശാപ്പുചെയ്യാൻ കച്ചകെട്ടിയിറങ്ങിയവർ ഒന്നോർക്കുന്നത് നന്ന്. ഇതു കേരളമാണ്. സ്വേഛാധിപത്യം ആരൊക്കെ കാണിച്ചിട്ടുണ്ടോ അവരൊക്കൊ അതിൻെറ ഫലം അനുഭവിച്ചിട്ടുമുണ്ട്. സർവ്വകലാശാലാജനാധിപത്യം വിലപ്പെട്ട ഒന്നാണ്. അതു തകർക്കാൻ ശ്രമിക്കുന്നവർക്കെതിരേ അതിശക്തമായ പോരാട്ടം ഉയർന്നുവരും. തീർച്ച ☐

കേരള പ്രൈവററ് കോളേജ് ടീച്ചർ. ☐ ഒക്ടോബർ 1992 ☐ നമ്പർ 107 പത്രാധിപസമിതി:
എഡിററർ : വി. എൻ. മുരളി, മാനേജിംഗ് എഡിററർ : കെ. പി. ദിവാകരൻനായർ
അംഗങ്ങൾ : ജോർജ് സെബാസ്ററ്യൻ, ടി. എൻ. രാമൻപിള്ള, പി. ജി. ചന്ദ്രശേഖരൻ നായർ
സി. ജെ. ശിവശങ്കരൻ. ഡോ. കെ. ബി. പവിത്രൻ ☐ ജോർജ് ☐ ഡോ. രാജേന്ദ്രൻ
☐ ജോണി കെ ജോൺ

# വറചട്ടിയിൽനിന്നും എരിതീയിലേയ്ക്ക്

രൂക്ഷമായ വിലക്കയററം കൊണ്ടുപൊറുതിമുട്ടുകയാണ് ജനങ്ങൾ. സാധനവിലകൾ 1990 മെയിലെ നിലവാരത്തിലേയ്ക്ക് താഴ്ത്തിക്കൊണ്ടുവരുമെന്ന് വാഗ്ദാനം ചെയ്ത് അധികാരത്തിൽ വന്നവരാണ് ഇപ്പോൾ കേന്ദ്രവും കേരളവും ഭരിക്കുന്നത്. വർഷങ്ങളായി തുടർന്നുവരുന്ന കബളിപ്പിക്കൽ നയത്തിൻെറ പൂച്ച് പുറത്തായിരിക്കുന്നു. പെട്രോളിയം ഉൽപന്നങ്ങളുടെ വില 18 ശതമാനം കണ്ടാണ് ഏററവും ഒടുവിൽ വർദ്ധിപ്പിച്ചത്. എന്നുപറഞ്ഞാൽ എല്ലാ സാധനങ്ങളുടേയും വില വീണ്ടും കുതിച്ചുയരാൻ പോവുകയാണ്. വറചട്ടിയിൽ നിന്നും എരിതീയിലേക്ക് എന്ന അനുഭവമാണ് ആളുകൾക്ക്.

ഒരു പാചകവാതകസിലണ്ടറിന് 1985ലെ വില 54 രൂപ 30 പൈസ. 1991 ജൂലൈയിൽ 73 രൂപ 70 പൈസയാണു വില. 1992 ആഗസ്ററിൽ 78 രൂപ 50 പൈസ. ഇപ്പോൾ 95 രൂപ 75 പൈസ. 16 രൂപ 95 പൈസയുടെ വർദ്ധവ് ഒററയടിക്കുണ്ടാകുന്നത് ആദ്യമായാണ്. എല്ലാ സാധനങ്ങൾക്കും ഇതുപോലെ വിലവർദ്ധിച്ചിരിക്കുന്നു. 1972 ൽ ഒരുലിററർ പെട്രോളിന് 4രൂപയായിരുന്നു വില. 1990 ൽ 10 രൂപ 86 പൈസ. ഇപ്പോഴേ 18 രൂപ 65 പൈസ. ഇതിനെത്തുടർന്ന് റയിൽവേ കൂലി ഇനിയും വർദ്ധിപ്പിക്കുമെന്ന് മന്ത്രി ജാഫർ ഷെറീഫ് സൂചിപ്പിച്ചിട്ടുണ്ട്. പ്രൈവററ് ബസ്സുടമകൾ കേരളത്തിൽ ചാർജ്ജ്വർദ്ധനവിനുവേണ്ടി ഒരു ദിവസത്തെ സൂചനാ പണിമുടക്കുതന്നെ നടത്തിക്കഴിഞ്ഞു. കഷ്ടിച്ച് ഒരു മാസമേ ആയുള്ളൂ അവർക്ക് ചാർജ്ജ് വർദ്ധിപ്പിച്ചുകൊടുത്തിട്ട്. പണ്ടൊക്കെ അഞ്ചു വർഷം കൂടുമ്പോഴായിരുന്നു ചാർജ്ജുവർദ്ധനവും മററും ആലോചിക്കുന്നതുതന്നെ. ഇപ്പോഴതിന് ഒരുമാസത്തെ ഇടവേളപോലും വേണ്ട. കാററും ആട്ടോറിക്ഷയുമൊക്കെ അവർക്കു തോന്നിയ പോലെ ഇപ്പോഴേ വർദ്ധിപ്പിച്ച ചാർജാണു വാങ്ങുന്നത്. കാർഷിക മേഖലയാകെ തകർക്കുന്നരീതിയിൽ രാസവളങ്ങൾക്ക് മൂന്നിരട്ടി കണ്ട് വില വർദ്ധിപ്പിച്ചതും ഇതോടൊപ്പം കാണണം.

എല്ലാം കൂടി ജനജീവിതം ദുരിതമയമാവുകയാണ്. ഒരു ഭാഗത്ത് വിലക്കയററം സൃഷ്ടിക്കുന്ന കെടുതിയാണെങ്കിൽ മറുഭാഗത്തോ? ഡി. എ. മരവിപ്പിക്കാൻ പോകുന്നു. പെട്രോളിയം ഉൽപന്നങ്ങളുടെ വില കുത്തനെ വർദ്ധിപ്പിച്ച സർക്കാർ ഉപഭോക്തൃവില സൂചികയും മൊത്തവില സൂചിവയും കുതിച്ചുയരുന്നതിനിടയാക്കി. എന്നിട്ടാണ് അതിനാനുപാതികമായി ജീവനക്കാരനു ലഭിച്ചുകൊണ്ടിരുന്ന ഡി. എ. മരവിപ്പിക്കാൻ തകൃതിയായ ആലോചന നടത്തുന്നത്. മരവിപ്പിക്കൽ ഡി. എ. യുടെ കാര്യത്തിൽ മാത്രമല്ല. പുതിയ നിയമനങ്ങൾ വേണ്ട. ശമ്പള പരിഷ്കരണങ്ങൾ പാടില്ല. ഏൺഡ് ലീവ് സറണ്ടർ ആനുകൂല്യം നിർത്തും. എൽ.ടി.സി. അനുവദിക്കില്ല. ബോണസ് നല്കരുത് —ഇതൊക്കെയാണുപോലും ചെലവു ചുരുക്കൽ. സബ്സിഡികൾ എല്ലാം നിർത്തലാക്കും. വൈദ്യുതി താരിഫ്, ജലസേചനനിരക്കുകൾ, ബസ് യാത്രക്കൂലി ഉന്നത വിദ്യാഭ്യാസത്തിനുള്ള ഫീസ് എന്നിവ വർദ്ധിപ്പിക്കും. എല്ലാം കൂടി ആകുമ്പോൾ ഇന്ത്യയിലെ ജനങ്ങളുടെ ജീവിതം എങ്ങിനെയാകുമെന്ന് പറയേണ്ടതില്ലല്ലോ.

ഐ. എം. എഫിനും ലോകബാങ്കിനും കീഴടങ്ങിയ ഭരണാധികാരികൾ അവർ പറയുന്നതെല്ലാം അക്ഷരം വിടാതെ ഇന്ത്യയിൽ നടപ്പിലാക്കുകയാണ്. ഒരു ന്യൂനപക്ഷത്തിന് അവരുടെ സമ്പത്ത് വർദ്ധിപ്പിച്ചു നല്കാനും ഭൂരിപക്ഷം ജനങ്ങളെയും കൂടുതൽ ദരിദ്രരാക്കാനും പോന്ന ഈ നയത്തിനെതിരേയുള്ള ചെറുത്തുനില്പ് ഇന്ത്യയിലെമ്പാടും ഉയർന്നു വരികയാണ്. അതാണ് സെപ്ത.മ്പ

(ശേഷം 28-ാം പേജിൽ)

നീലോത് പൽബാസു

# ഇന്ത്യൻ വിദ്യാഭ്യാസം ഇരുണ്ട നാളുകളിലേക്ക്

ഇന്ത്യാഗവർമെണ്ട് 1991 ജൂലൈയിൽ ഘടനാപരമായ നീക്കുപോക്കു പരിപാടി ആരംഭിച്ചതിൽ പിന്നെ ഇന്ത്യയിലെ ജനങ്ങളിൽ ബഹുഭൂരിപക്ഷം പേരുടെയും ജീവിതം മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കയാണ്. ധനമന്ത്രി മൻമോഹൻസിങ്ങിന്റെ നേതൃത്വത്തിലുള്ള ഈ പരിപാടിയുടെ വക്കാലത്തുകാർ ഒരുവശത്ത് ഈ പുതിയ സാമ്പത്തിക ദിശയും മറുവശത്ത് ഐ എംഎഫ് ലോകബാങ്ക് നിബന്ധനകളും തമ്മിലുള്ള ബന്ധത്തിന് ഭാഷ്യം ചമക്കുന്നതിൽ ബഹുദൂരം ചെന്നെത്തിയിരിക്കയാണ്. എന്നാൽ ഇത് അസാധ്യമാണെന്ന് ജീവിതസത്യങ്ങൾ തെളിയിച്ചിരിക്കുന്നു. പിന്നിട്ട ഒരു വർഷത്തെ സംഭവവികാസങ്ങൾ വിശേഷിച്ചും അതുകൂടുതൽ തെളിച്ചുകാട്ടിയിരിക്കയാണ്. ജനജീവിതത്തിന്റെ അടിത്തറ തകർക്കുകയും നിലനിൽപിനു തന്നെ ഭീഷണിയായി തീരുകയും ചെയ്ത ഈ ബന്ധത്തിന്റെ എല്ലാവശങ്ങളിലേക്കും കടന്നു ചെല്ലാനല്ല ഇവിടെ ശ്രമം നടത്തുന്നത്. അത്തരമൊരു വിലയിരുത്തൽ ഈ ചെറു ലേഖനത്തിൽ ഒതുക്കാനാവാത്തവിധം അത്രവിപുലമാണ്. നേരെമറിച്ച് ഈ സാമ്പത്തിക നയമാററം നമ്മുടെ വിദ്യാഭ്യാസ മേഖലയെയാകെ കുഴപ്പത്തിലാഴ്ത്തിയതെങ്ങനെയെന്ന് സംക്ഷിപ്തമായി ചൂണ്ടിക്കാട്ടാനാണിവിടെ ശ്രമിക്കുന്നത്.

## വിഭവഞെരുക്കം

ഇന്ത്യൻ വിദ്യാഭ്യാസം വിഭവ ലഭ്യതയുടെ കാര്യത്തിൽ ഒരിഷ്ടമില്ലാക്കുട്ടിയാണ്. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ വിദ്യാഭ്യാസ ആസൂത്രണത്തിന് കൊളോണിയൽ പാരമ്പര്യത്തെ ഭേദിക്കാൻ ഏറെയൊന്നും കഴിഞ്ഞിട്ടില്ല. ഭരണഘടനയും കമ്മററികളും കമീഷനുകളും എന്തൊക്കെ അവകാശപ്പെട്ടാലും സ്ഥിതി ഇതാണ്. എന്നാൽ ഇപ്പോഴത്തെ വിഭവ ദാരിദ്ര്യമാകട്ടെ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തത്ര രൂക്ഷവും ലജ്ജാകരമായ ഭൂതകാലത്തെക്കാൾ ശോചനീയവുമാണ്.

പഞ്ചവൽസര പദ്ധതികൾ പലതും വന്നു പോയി. 14 വയസുവരെയുള്ള കുട്ടികൾക്ക് പത്തു കൊല്ലംകൊണ്ട് സാർവത്രികമായ പ്രാഥമിക വിദ്യാഭ്യാസം സൗജന്യമായി നൽകുകയെന്ന ഭരണഘടനയുടെ മാർഗനിർദേശക തത്വത്തിൽ പറഞ്ഞ ലക്ഷ്യം ഒരു വിദൂരസ്വപ്നമായവശേഷിച്ചിരിക്കയാണ് ഇന്നിപ്പോൾ. എട്ടാം പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത് 1997 മാർച്ച് 31 നകം അതായത് ഈ പദ്ധതിയുടെ അവസാനത്തോടെ ഈ കടമ പൂർത്തിയാക്കണമെന്നാണ്. എന്നാൽ യാഥാർഥ്യമെന്താണ്?

1987–88ൽ 5-9 പ്രായപരിധിയിൽപെട്ട 1000 കുട്ടികളിൽ 730 പേരും 10-14 പ്രായപരിധിയിൽപെട്ട 799 കുട്ടികളും വിദ്യാലയങ്ങളിൽ പോകുന്നുണ്ടെന്നാണ് 43-ാമത് നാഷനൽ സാമ്പിൾ സർവെ വെളിപ്പെടുത്തുന്നത്. 1991-92 ൽ ഒന്നുമുതൽ എട്ടുവരെയുള്ള ക്ളാസുകളിൽ പഠിക്കുന്ന കുട്ടികളുടെ മൊത്തം സംഖ്യ 13.5 കോടിയാണെന്ന് എട്ടാം പദ്ധതി രേഖയിൽ പറയുന്നു. ഇന്നിപ്പോൾ ആകെ ജനസംഖ്യയുടെ 27 ശതമാനം 5–14 പ്രായപരിധിയിൽപെട്ടവരാണ്. നമ്മുടെ രാജ്യത്തെ ജനസംഖ്യ ഇപ്പോൾ 86 കോടിയാണ്. അപ്പോൾ 5-14 പ്രായപരിധിയിൽപെട്ടവരുടെ മൊത്തം സംഖ്യ 23 കോടിയോളമാണ്. ഇതനുസരിച്ച് നോക്കുമ്പോൾ മേൽപറഞ്ഞ പ്രായപരിധിയിൽപെട്ട 9.5 കോടി കുട്ടികൾ വിദ്യാലയത്തിൽ പോകാത്തവരായി അവശേഷിക്കുന്നു. ഇതോടൊപ്പം 2 ശതമാനം ജനസംഖ്യാവർധനവുകൂടി കണക്കിലെടുക്കുമ്പോൾ മേൽപ്പറഞ്ഞ പ്രായപരിധിയിൽപ്പെട്ട 2 കോടി കുട്ടികൾ വേറെയും കാണും. ഇത്രയും കുട്ടികൾക്ക് വിദ്യാലയങ്ങളിൽ പഠന സൗകര്യം ഏർപ്പെടുത്തണം. എട്ടാം പദ്ധതിലക്ഷ്യം നേടണമെങ്കിൽ 5–14 പ്രായപരിധിയിൽപ്പെട്ട 11.5 കോടി കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ടെന്ന് ചുരുക്കം.

ഇത്രയും പേർക്ക് സാർവത്രികമായ വിദ്യാഭ്യാസം നൽകുകയെന്ന അസാധ്യമായതല്ലെങ്കിലും ദുഷ്കരമായ കടമ നിറവേററുകയെന്നതാണ് ഇന്ത്യൻ വിദ്യാഭ്യാസരംഗം ഇന്നഭിമുഖീകരിക്കുന്ന പ്രശ്നം. ഇത്രയും പേരെ വിദ്യാലയങ്ങളിൽ നിലനിർത്തുകയെന്നതും ഒരു വലിയ പ്രശ്നമാണ്. ഒട്ടേറെ സാമൂഹ്യ-സാമ്പത്തിക വശങ്ങളുമായി ബന്ധപ്പെട്ടതാണ് ഈ പ്രശ്നം. വിഭവ ലഭ്യതയും ഒരു മുഖ്യപ്രശ്നമാണ്.

## ഉന്നത വിദ്യാഭ്യാസരംഗം

അതുമാത്രമല്ല, ഇപ്പോഴത്തെ വിദ്യാഭ്യാസ പ്രതിസന്ധി സർവകലാശാലാ വിദ്യാഭ്യാസത്തിലും ഉന്നത വിദ്യാഭ്യാസത്തിലും പ്രകടമായ പ്രത്യാഘാതങ്ങൾ ഉളവാക്കും. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം – സർവകലാശാലാ വിദ്യാഭ്യാസവും ബഹുദൂരം മുമ്പോട്ടുപോയിട്ടുണ്ട്. 1947-ൽ 16 യൂണിവേഴ്സിററികളും 263 കോളേജുകളുമാണ് രാജ്യത്തുണ്ടായിരുന്നത്.

1991-92 ൽ ഇത് യഥാക്രമം 184 ഉം 7000 (ഏകദേശകണക്ക്)വുമായി ഉയർന്നിരിക്കുന്നു. ഈ രംഗത്ത് സവിശേഷ പരിഗണന നൽകപ്പെട്ടതിൻെറ തെളിവായി ഈ കണക്കുകൾ ഉദ്ധരിക്കപ്പെടാറുണ്ട്. യഥാർഥ വസ്തുതയെ കുറിച്ചുള്ള അന്ധതയാണ് ഈ അവകാശവാദത്തിൽ പ്രകടമാകുന്നത്. 18-25 പ്രായപരിധിയിൽ പെട്ടവരിൽ 4.5-5 ശതമാനം പേർക്ക് മാത്രമേ ഈ വിദ്യാഭ്യാസ സൗകര്യം ലഭ്യമാകുന്നുള്ളു. എന്നാൽ ഇക്കാര്യത്തിൽ ഏഷ്യൻ ശരാശരി 12 ശതമാനമാണ്. അപ്പോൾ കൂടുതൽ വികസിതരാജ്യങ്ങളുടെ സ്ഥിതി പ്രത്യേകം പറയേണ്ടതില്ലല്ലോ? ഉന്നത വിദ്യാഭ്യാസരംഗത്തെ ഈ പരിമിതമായ വളർച്ചപോലും ഇന്ന് ഗുരുതരമായ ഭീഷണിയെ അഭിമുഖീകരിക്കുകയാണ്.

നിരന്തരം വർധിച്ചുവരുന്ന ബജററ് കമ്മിയുടെ പശ്ചാത്തലത്തിലാണ് രാജ്യത്ത് സർവകലാശാല-കോളേജ് വിദ്യാഭ്യാസം വളർന്നുവന്നത്. ഇന്നിപ്പോൾ അത് തകർച്ചയുടെ വക്കത്തെത്തിയിരിക്കുന്നു. മിക്കവാറും എല്ലാ യൂണിവേഴ്സിററികളും ബജററ് കമ്മിയെ അഭിമുഖീകരിക്കുന്നു. പൂർണമായും യുജിസി ഗ്രാൻറുകൊണ്ടു നടത്തപ്പെടുന്ന യൂണിവേഴ്സിററികൾക്കുപോലും ഞെരുക്കം അനുഭവപ്പെടുന്നു. എട്ടാം പദ്ധതിക്കാലമത്രയും 1991-92 ലെ തോതിൽ ഗ്രാൻറ് മരവിപ്പിക്കുമെന്ന് യുജിസി പ്രഖ്യാപിച്ചത് ഒരു മുന്നറിയിപ്പാണ്. ഈ മരവിപ്പിക്കൽ നടപടി പിൻവലിച്ചിട്ടുണ്ടെങ്കിലും ഫലത്തിൽ അത് അധ്യാപകരുടെയും അധ്യാപകേതര ജീവനക്കാരുടെയും ക്ഷാമബത്തയുടെ കാര്യത്തിൽ മാത്രമേ ബാധകമാക്കിയിട്ടുള്ളു. അധ്യയന രംഗം അവഗണിക്കപ്പെട്ടിരിക്കയാണ്.

സ്ഥിതി വളരെ വഷളായിട്ടുണ്ട്. ആനുകാലികങ്ങൾ വാങ്ങാൻ ലൈബ്രറികൾക്കുള്ള ഫണ്ട് ദൽഹി സർവകലാശാല വെട്ടിക്കുറച്ചിരിക്കയാണ്. ലൈബ്രറികൾക്കും ലാബറട്ടറികൾക്കും വേണ്ടി പുറമെ നിന്ന് പുസ്തകങ്ങളും സൂക്ഷ്മോപകരണങ്ങളും ഇറക്കുമതി ചേയ്യേണ്ടതാവശ്യമാണ്. എന്നാൽ മൂല്യശോഷണം കാരണം വിദേശവിനിമയ നില മോശമായത് സ്ഥിതി കൂടുതൽ വഷളാക്കി. ഉന്നത വിദ്യാഭ്യാസത്തിനുള്ള തുക വെട്ടിക്കുറക്കുന്നതിനെ വിമർശിച്ചുകൊണ്ട് ദൽഹി സർവകലാശാലാഅക്കാദമിക് കൗൺസിൽ ഈയിടെ ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി. പ്രമേയം പ്രസിദ്ധീകരണത്തിന് നൽകുകയും ചെയ്തു.

ഗവർമെണ്ടിൻെറ നിലപാടിൽ ഒട്ടേറെ വൈസ് ചാൻസലർമാരും അസംതൃപ്തി പ്രകടിപ്പിച്ചു. യുജിസി ചെയർമാൻ ഡോ. രാമറെഡ്ഡി തന്നെയും അടുത്തയിടെ ഫ്രണ്ട്ലൈനുമായി നടത്തിയ അഭിമുഖസംഭാഷണത്തിൽ പറഞ്ഞു: "ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള അടങ്കലിൽ കർകശമായ വെട്ടിക്കുറവ് വരുത്തുന്നത് സർവകലാശാലകളെ മാത്രം ബാധിക്കുന്ന ഒരു പ്രശ്നമല്ല: വിദ്യാഭ്യാസ വ്യവസ്ഥയെയാകെ അത് പ്രതികൂലമായി ബാധിക്കും. ഉന്നത വിദ്യാഭ്യാസത്തിൽ മൂല്യശോഷണം വരുത്തുന്നത് സമൂഹത്തിൻെറ താൽപര്യത്തിന് അനുഗുണമായിരിക്കില്ല.

താരതമ്യേന സവിശേഷാവകാശങ്ങൾ അനുഭവിക്കുന്ന കേന്ദ്രസർവകലാശാലകളുടെ തന്നെ പ്രതികരണം നടുക്കമുളവാക്കുന്നതാണ്. ചില സർവകലാശാലകൾ പാപ്പരായിരിക്കു

ന്നു. ഉദാഹരണത്തിന് ബീഹാറിലെ ചില സർവകലാശാലകൾ ബാങ്കിൽ നിന്ന് കടമെടുത്താണ് ശമ്പളം കൊടുക്കുന്നത്. തന്മൂലം കൊല്ലംതോറും ലക്ഷക്കണക്കിന് രൂപ പലിശ കൊടുക്കേണ്ടിവരുന്നു.

## ഈ ഞെരുക്കം എന്തുകൊണ്ട് ?

വിദ്യാഭ്യാസ വ്യവസ്ഥയെയാകെ തന്നെ ബാധിച്ച ഇപ്പോഴത്തെ സാമ്പത്തിക ഞെരുക്കം നേരത്തെ തന്നെ ചൂണ്ടാക്കാട്ടിയതുപോലെ ഐ എം എഫ് ലോകബാങ്ക് സമ്മർദങ്ങൾക്ക് വഴങ്ങി അവയുടെ നിബന്ധനകൾ നടപ്പാക്കിയതിന്റെ ഫലമായി ഉളവായതാണ്. ധനകാര്യമന്ത്രി ബജറ്റിൽ ശ്രമം നടത്തിയിട്ടുള്ളത് ധനകമ്മി 1991-92ൽ ജിഡിപിയുടെ 6.5 ശതമാനമായും 1993-94 ആവുമ്പോഴേക്ക് 5 ശതമാനമായും കുറയ്ക്കാനാണ്. ഐ എം എഫ് നിർദ്ദേശമനുസരിച്ചുള്ളതാണ് ഈ നടപടി.

ഇതിന്റെ ഫലമായി കനത്ത പ്രഹരമേററത് വിദ്യാഭ്യാസത്തിനാണ്. വിദ്യാഭ്യസത്തെ സാമൂഹ്യക്ഷേമ മേഖലയുടെ ഭാഗമായാണ് എക്കാലവും കണക്കാക്കിപ്പോന്നത്. അല്ലാതെ ഉൽപാദനക്ഷമമായ ഒന്നായിട്ടല്ല. സാമൂഹ്യക്ഷേമമേഖലക്ക് ആറാം പദ്ധതിയിൽ 29.4 ശതമാനവും ഏഴാം പദ്ധതിയിൽ 28.6 ശതമാനവും തുക അനുവദിച്ചപ്പോൾ എട്ടാം പദ്ധതിയിൽ അത് 23 ശതമാനമായി കുറച്ചു. വിദ്യാഭ്യാസത്തിന് ഒന്നാം പദ്ധതിയിൽ 7.6 ശതമാനം അനുവദിക്കപ്പെട്ടിരുന്നത് ഏഴാം പദ്ധതി ആയപ്പോഴേക്ക് 2 ശതമാനമായി കുറഞ്ഞു. നടപ്പുപദ്ധതിയിലാവട്ടെ വീണ്ടും കുറച്ചിരിക്കയാണ്. 13 ശതമാനത്തിലേറെ വരുന്ന പണപ്പെരുപ്പത്തോതു് കൂടി കണക്കിലെടുക്കുമ്പോൾവിദ്യാഭ്യാസച്ചെലവിലുണ്ടായ വെട്ടിക്കുറവ് 17 ശതമാനത്തിലേറെയാണെന്ന് കാണാം.

സാമൂഹ്യ ക്ഷേമപരിപാടിക്കുവേണ്ടി, പ്രത്യേകിച്ചും വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ചെലവിൽ ഇങ്ങനെ വെട്ടിക്കുറവ് വരുത്തിയതിൽ അൽഭുതപ്പെടേണ്ടതില്ല. എന്തുകൊണ്ടെന്നാൽ കടം വാങ്ങിയ ഒട്ടേറെ വികസ്വരരാജ്യങ്ങളോട് ഫണ്ട്-ബാങ്ക് അധികൃതർ ആവശ്യപ്പെട്ടത് സാമൂഹ്യക്ഷേമമേഖലയിൽ ചെലവഴിക്കുന്ന തുകയിൽ വെട്ടിക്കുറവ് വരുത്താനാണ്. വിദ്യാഭ്യാസ രംഗത്ത്, അതും സാർവത്രികമായ വിദ്യഭ്യാസത്തിനുവേണ്ടി പണം മുടക്കുന്നതുകൊണ്ട് സ്വകാര്യമേഖലക്കുവേണ്ടി ആദായം സ്വരൂപിക്കപ്പെടുകയില്ലെന്നാണ് അവരുടെ പക്ഷം. ഇതിലടങ്ങിയ യുക്തി മനസ്സിലാക്കാൻ പ്രയാസമുണ്ട്.

അവരുടെ അഭിപ്രായത്തിൽ ഇന്ത്യയുടെ നേട്ടം സഹായം നൽകുന്ന സമ്പന്നർക്ക് ഒരു നഷ്ടമാണ്. ഈ സമ്പന്നരുടെ താൽപര്യത്തെ സേവിക്കുന്നവരാണവർ. പക്ഷെ നമ്മുടെ ഗവർമെണ്ട് ഈ യുക്തിവാദം വിലക്ക് വാങ്ങുന്നത് അക്രമമമാണ്. എന്തുകൊണ്ടെന്നാൽ വിദ്യാഭ്യാസത്തിന്, പ്രത്യേകിച്ചും ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടി മുതൽമുടക്കുകയെന്നുവെച്ചാൽ നമ്മുടെ മാനവിക മൂലധനം വർധിപ്പിക്കുകയും അതിലൂടെ സ്വാവലംബിത സാമ്പത്തിക വികസനത്തിനു കളമൊരുക്കുകയുമെന്നാണർത്ഥം.

## സർക്കാരിന്റെ ബദൽ സമീപനം

വിദ്യാഭ്യാസത്തിനുള്ള മുതൽമുടക്കിൽ വെട്ടിക്കുറവ്വരുത്തുന്നതിനെന്യായീകരിക്കുവാൻ തുനിയുന്നത് സർക്കാരിന്തന്നെ അപമാനകരമാണ്. എന്തുകൊണ്ടെന്നാൽ മററ് വികസ്വര രാജ്യങ്ങൾ ഈ രംഗത്തുചെലവഴിക്കുന്ന തുകയുടെ കണക്കുകളും സ്വാതന്ത്ര്യത്തിനു മുമ്പും പിമ്പും വിദ്യാഭ്യാസനയം സംബന്ധിച്ച വിദഗ്ദ്ധാഭിപ്രായവും വിരൽ ചൂണ്ടുന്നത് നേരെ വിപരീതമായ ദിശയിലേക്കാണ്. ജി എൻ പിയുടെ ആറുശതമാനമെങ്കിലും വിദ്യാഭ്യാസത്തിനുവേണ്ടി വകയിരുത്താതെ നമ്മുടെ വിദ്യാഭ്യാസ വ്യവസ്ഥ നിലനിർത്താനാവില്ലെന്ന് കോത്താരികമീഷൻ ചൂണ്ടിക്കാട്ടുകയുണ്ടായി. ഇപ്പോഴത്തെ ഗവർമെണ്ട് അധികാരത്തിൽ വന്ന ഉടനെ ദേശീയ വിദ്യാഭ്യാസ നയ (1986) ത്തിനുള്ള പിന്തുണ ആവർത്തിച്ചുന്നിപ്പറയുകയെന്ന ഏക ഉദ്ദേശ്യത്തോടെ നിയമിക്കപ്പെട്ട റെഡ്ഡി കമീഷനും 8-ാം പദ്ധതി തൊട്ട് വിദ്യാഭ്യാസ ചെലവ് ജി എൻ പി യുടെ ആറു ശതമാനത്തിലധികമായിരിക്കണമെന്ന് ചൂണ്ടിക്കാട്ടി. ഈ ശുപാർശയും അതിലംഘിക്കപ്പെട്ടിരിക്കയാണ്. എട്ടാം പദ്ധതിയിൽ വിദ്യാഭ്യാ

സത്തിനു വകയിരുത്തിയ തുകസംബന്ധിച്ച് മേലുദ്ധരിച്ച കണക്കുകളിൽ നിന്ന് അത് വ്യക്തമാണ്.

എന്നാൽ ഇങ്ങനെ വിദ്യാഭ്യാസമേഖലയിലെ പൊതുനിക്ഷേപം കർശനമായി വെട്ടിക്കുറച്ചപ്പോൾതന്നെറെഡ്ഡികമീഷൻെറമററുനിർദ്ദേശങ്ങൾ വീറോടെനടപ്പാക്കികൊണ്ടിരിക്കയാണ്. ഉന്നത വിദ്യാഭ്യാസം പൂർണ്ണമായും സാമ്പത്തികമായി സ്വന്തം കാലിൽ നിൽക്കുന്നതാവണമെന്നും വിദ്യാഭ്യാസ ചുമതല മൊത്തത്തിൽ സ്വകാര്യ മേഖലക്ക് വിടണമെന്നുമാണ് ആ ശുപാർശകൾ.

തീർച്ചയായും വിനാശകരമാണ് അതിൻെറ ഫലം. രാജ്യത്തൊട്ടാകെ ഫീസ് അഭൂതപൂർവ്വമാംവിധം ഉയർത്തപ്പെട്ടിരിക്കുന്നു. ദൽഹി യൂണിവേഴ്സിററിക്ക് കീഴിലുള്ള അണ്ടർ ഗ്രാജ്വേററ് കോളേജുകൾ രണ്ടും മൂന്നും ഇരട്ടി വർദ്ധിപ്പിച്ചു. മഹാരാഷ്ട്രയിൽ എം ബി ബി എസ് കോഴ്സിനുള്ള ഫീസ് 300 രൂപയിൽ നിന്ന് 6000 രൂപയായി ഉയർത്തി. പാട്ന യൂണിവേഴ്സിററിയിൽ എം എസ്‌സി വിദ്യാർത്ഥികളുടെ ലൈബ്രറി ഫീസ് 25 രൂപയിൽ നിന്ന് 160 രൂപയായും ലാബട്ടറി ഫീസ് 30 രൂപയിൽനിന്ന് 200 രൂപയായും വർദ്ധിപ്പിച്ചു. മൊത്തം ബജററ് തുകയുടെ 29 ശതമാനം വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കുന്ന പശ്ചിമബംഗാളിൽപോലും സാമ്പത്തികഞെരുക്കം കാരണം ഫീസ് വർദ്ധിപ്പിക്കാൻ ഗവർമെണ്ട് നിർബന്ധിതമായി. ഈ പട്ടിക വളരെ നീണ്ടതാണ്. ഇതിൽ നിന്ന് ഒരു കാര്യം വ്യക്തം: വിദ്യാഭ്യാസം, സാധാരണക്കാർക്ക് വിശേഷിച്ചും ഒരത്യപൂർവ വസ്തുതവായി തീരാൻ പോകയാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തികൊണ്ടുപോകുന്നതിന് വരുമാനം വർദ്ധിപ്പിക്കാൻ അവലംബിച്ച മാർഗം ശോഭനമായ ഒന്നല്ലെന്നിരിക്കെ ചെലവ് ചുരുക്കാൻ അവലംബിക്കുന്ന മാർഗം ആരെയും നടുക്കുന്നതാണ്. അദ്ധ്യാപകരുടെ ഒഴിവുകൾ നികത്താതെ വിടുകയും മററു പശ്ചാത്തല സൗകര്യങ്ങൾ കർശനമായി നിയന്ത്രിക്കുകയുമാണ് ചെയ്യുന്നത്.

ഇത്തരം കർശന നടപടികൾ അവലംബിച്ചിട്ടും രക്ഷയില്ലെന്നു കണ്ടപ്പോൾ വിദ്യാഭ്യാസത്തെ സ്വകാര്യവൽക്കരിക്കുകയും വാണിജ്യവൽക്കരിക്കുകയുമെന്ന മാർഗം നിർലജ്ജം അവലംബിക്കപ്പെട്ടിരിക്കയാണ്. പുതിയ നയത്തിലെ മുഖ്യധാരയും അതിലെ ഊന്നലും അതിലാണ്. ഉദാഹരണമായി ആന്ധ്രപ്രദേശിൽ തലവരിക്ക് ഏർപ്പെടുത്തിയിരുന്ന മോറട്ടോറിയം ഈ അടുത്തയിട ഉപേക്ഷിച്ചു. ഇതോടെ മെഡിക്കൽ കോളേജുകളിൽ 1800 സീററുകളിലേക്കുള്ള പ്രവേശനം തലവരിയുടെ അടിസ്ഥാനത്തിലായിരിക്കുന്നു. മദിരാശിയിൽ നേരത്തെ ദേശസാൽകരിക്കപ്പെട്ടിരുന്ന രാമചന്ദ്ര മെഡിക്കൽ കോളേജ് മുമ്പത്തെ സ്വകാര്യ ഉടമസ്ഥരെ തിരിച്ചേൽപ്പിക്കാൻ പോകയാണ്. കേരളത്തിൽ സ്വകാര്യമെഡിക്കൽ കോളേജുകൾ അനുവദിക്കാനുള്ള നീക്കം സർക്കാർ നടത്തുകയുണ്ടായി. ഈ പ്രവണത തെക്കൻ സംസ്ഥാനങ്ങളിൽ മാത്രമായി ഒതുങ്ങിനിൽക്കാൻ പോകുന്നില്ല. അത് പ്രൊഫഷനൽ കോളേജുകളിൽ മാത്രമായി ഒതുങ്ങിനിൽക്കുകയുമില്ല.

വിദ്യാഭ്യാസ രംഗത്തെ ഈ ദുസ്ഥിതിയിൽ ഗവർമെണ്ടു ലജ്ജിച്ചു തലതാഴുത്തുന്നു. എന്നാൽ പശ്ചാതാപത്തിൻെറലാഞ്ഛനപോലും അവർക്കില്ല. എന്നുമാത്രമല്ല വഞ്ചനയുടെ മാർഗമാണവർ അവലംബിക്കുന്നത്.

പ്രതിസന്ധി ഉന്നത വിദ്യാഭ്യാസ രംഗത്ത് മാത്രമേയുള്ളുവെന്ന ധാരണ പരത്താനാണവരുടെ ശ്രമം. ഉന്നത വിദ്യാഭ്യാസത്തിന് അതിരററ പിന്തുണ ലഭിക്കുന്നുവെന്നും ഉന്നതന്മാർക്ക് മാത്രമേ അഭിഗമ്യമാവുന്നുള്ളുവെന്നുമാണവരുടെ വാദം. അതിനാൽ അവരിൽനിന്ന് പണം ഈടാക്കണം. അങ്ങനെ ലഭിക്കുന്ന പണം സാർവത്രികമായ പ്രാഥമിക വിദ്യാഭ്യാസം പോലുള്ള രംഗങ്ങൾക്കു ഉപയോഗപ്പെടുത്തണം-ഇതാണവരുടെ വാദഗതി.

യഥാർത്ഥ വസ്തുതകൾക്ക് മുമ്പിൽ വഞ്ചനാപരമായ ഈ വാദത്തിന് നിലനിൽപില്ല. ഒന്നാമതായി ഉന്നത വിദ്യാഭ്യാസത്തിനുള്ള അഭിഗമ്യത 4.5 ശതമാനത്തിനുമാത്രമാണ്, ഇക്കാര്യത്തിൽ ഏഷ്യൻ ശരാശരി 12 ശതമാനമാണ്. നടപ്പുബജററിൽ വിദ്യാഭ്യാസത്തിനുവക

യിരുത്തിയ തുകയിൽ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ 16 കോടി രൂപയും സെക്കണ്ടറി വിദ്യാഭ്യാസത്തിന് 13 കോടി രൂപയും ഉന്നത വിദ്യാഭ്യാസത്തിന് 30 കോടി രൂപയും വെട്ടിക്കുറച്ചതിനെക്കുറിച്ചെന്ത് പറയാനുണ്ട്?

## ചെറുത്തുനിൽപ് ശക്തിപ്പെടുന്നു.

കേന്ദ്രഗവർമെണ്ട് അവലംബിച്ച പിന്തിരിപ്പൻ വിദ്യാഭ്യാസ നയത്തിനെതിരെ ശക്തിയായ ചെറുത്തുനിൽപ് ഉയർന്നുവരുന്നുണ്ടെന്നുള്ളതാണ് ഒരേ ഒരു രജതരേഖ. അക്കാദമിയ സമൂഹത്തിലെ വിവിധ വിഭാഗങ്ങൾ ഈ നയത്തിനെതിരായി മുമ്പോട്ട് വന്നിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസം പ്രദാനം ചെയ്യുകയെന്ന കടമ സർക്കാർ കയ്യൊഴിയുന്നതിന് പുറമെ രാജ്യത്തിന്റെ സ്വാശ്രിതത്വത്തിന്റെ കടയ്ക്കൽ കത്തിവെക്കുന്നതാണ് ഈ നയം.

മഹാരാഷ്ട്രയിലും ആന്ധ്രയിലും തമിഴ്നാട്ടിലും വൻ പ്രതിഷേധം ഉയർന്നുവന്നിട്ടുണ്ട്. മഹാരാഷ്ട്രയിൽ ഫീസ് വർധനവിനും സ്വകാര്യവൽക്കരണത്തിനും എതിരെ വിവിധ ജനാധിപത്യ വിദ്യാർത്ഥി- യുവജന സംഘടനകൾ ഒററക്കെട്ടായിവിദ്യാർത്ഥി യുവജനസമൂഹത്തെ അണിനിരത്തിവരികയാണ്. ആഗസ്ത് 7 ന് സംസ്ഥാനവ്യാപകമായ പഠിപ്പുമുടക്ക് നടന്നു. ഇവിടെ വിദ്യാർത്ഥി പരിഷത്ത് അതിന്റെ തനിനിറം തുറന്നുകാട്ടുകയുണ്ടായി. ഫീസ് വർധനവിൽ പ്രതിഷേധിക്കുന്നതിനുപകരം ഫീസ് വർധനവ് നടപ്പാക്കിയ വിദ്യാഭ്യാസ മന്ത്രിയെ പൂച്ചെണ്ട് നൽകി അനുമോദിക്കുകയാണവർ ചെയ്തത്.

ആന്ധ്രയിൽ മെഡിക്കൽകോളേജുകളിൽ കാപ്പിറേറഷൻ ഫീസ് വീണ്ടും നടപ്പാക്കിയതിനെതിരെ ജൂലൈ 29ന് സംസ്ഥാന വ്യാപകമായി വിദ്യാർത്ഥികൾ പഠിപ്പുമുടക്കി. കോൺഗ്രസിനെ ഒററപ്പെടുത്തിക്കൊണ്ട് പ്രശ്നം ഇപ്പോൾ വിപുലമായ രാഷ്ട്രീയ മണ്ഡലത്തിലേക്ക് ചെന്നെത്തിയിരിക്കുന്നു,

തമിഴ്നാട്ടിൽ സമരം കൂടുതൽ വ്യാപകമാണ്. സംസ്ഥാനത്തെ എല്ലാ മെഡിക്കൽകോളേജുകളും അനിശ്ചിതകാല പഠിപ്പുമുടക്കിലാണ്. രാമചന്ദ്രമെഡിക്കൽ കോളേജ് സ്വകാര്യവൽക്കരിക്കുന്നതിനെതിരെ, മർദനങ്ങളെയും ഹോസ്ററലുകളിൽ നിന്ന് പുറത്താക്കൽ പോലുള്ള നടപടികളെയും സുധീരം ചെറുത്തുകൊണ്ട് മെഡിക്കൽ വിദ്യാർത്ഥികൾ നടത്തിവരുന്ന ഈ സമരത്തിന് സംസ്ഥാനത്തെ വിദ്യാർത്ഥി സമൂഹമാകെ പിന്തുണ നൽകുന്നു. ആഗസ്ത് 6 ന് എസ് എഫ് ഐ യുടെ ആഹ്വാനമനുസരിച്ച് സംസ്ഥാനത്താകെ വിദ്യാർത്ഥികൾ പഠിപ്പുമുടക്കി. സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരും ഒരു ദിവസത്തെ സൂചനാപണിമുടക്ക് നടത്തി പോരാടുന്ന വിദ്യാർഥികളോടനുഭാവം പ്രകടിപ്പിച്ചു.

സ്വകാര്യവൽക്കരണം, കച്ചവടവൽക്കരണം വിദ്യാഭ്യാസചെലവ് വെട്ടിക്കുറയ്ക്കൽ എന്നിവക്കെതിരെ ഹിമാചൽപ്രദേശ്, ത്രിപുരഎന്നിവിടങ്ങളിലും സംസ്ഥാന വ്യാപകമായ സമരം നടന്നുവരുന്നു. മററ് സംസ്ഥാനങ്ങളിലും വിദ്യാർത്ഥികൾ രംഗത്തുവന്നുകൊണ്ടിരിക്കയാണ്. എസ്എഫ്ഐയും ഡി.വൈ.എഫ്.ഐയും ഉൾപ്പെടെ ദേശീയതലത്തിലുള്ള പത്തുജനാധിപത്യവിദ്യാർഥി യുവജന സംഘടനകൾ ഈ സമരങ്ങളെ ഏകോപിപ്പിച്ചു മുമ്പോട്ടു നയിക്കുന്നു. ആഗസ്ത് 9 ന് ജില്ലാ സംസ്ഥാന ജാഥകൾ ആസൂത്രണം ചെയ്യപ്പെട്ടു.

അഖിലേന്ത്യാ യൂണിവേഴ്സിററി കോളേജ് അധ്യാപക സംഘടനയും സ്വകാര്യവൽക്കരണത്തിനും മററുമെതിരെ പോരാട്ടം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിലുള്ള ഒട്ടേറെ ഫെഡറേഷനുകളും സമരത്തിന് മുൻകയ്യെടുക്കാൻ മുമ്പോട്ടുവന്നിട്ടുണ്ട്.

## സുപ്രിംകോടതി വിധി

ഈ പശ്ചാത്തലത്തിലാണ് കർണാടക സർക്കാരും മോഹിനി ജെയ്നും തമ്മിലുള്ള കേസിൽ ചരിത്രപ്രധാനമായ സുപ്രിം കോടതി വിധി വന്നത്. ഭരണഘടനയുടെ 21-ാം വകുപനുസരിച്ച് ജീവിക്കാനുള്ള മൗലികാവകാശം വിദ്യാഭ്യാസത്തിനുള്ള അവകാശത്തിനോ

# ആര്യാദേവിക്ക് ഡോക്ടറേററ്



തൃശൂർ കേരളവർമ്മ കോളേജിലെ സംസ്കൃതം അധ്യാപിക ശ്രീമതി ടി. ആര്യാദേവിക്ക് കാലിക്കട്ട് യൂണിവേഴ്സിററിയിൽ നിന്നും ഡോക്ടറേററ് ലഭിച്ചു.

എകെപിസിടിഎയുടെ സജീവാംഗമാണ് ശ്രീമതി ആര്യാദേവി.

# നിലമേൽ കോളേജിൽ അധ്യാപക ധർണ

ഡിഗ്രി അഡ്മിഷനിൽ അഴിമതി കാണിച്ച പ്രിൻസിപ്പലിന്റെ നടപടിയിൽ പ്രതിഷേധിച്ച് നിലമേൽ എൻ. എസ്. എസ്. കോളേജധ്യാപകർ എ കെ പി സി ടി എ യുടെ നേതൃത്വത്തിൽ പ്രിൻസിപ്പലിന്റെ ഓഫീസിനുമുമ്പിൽ പ്രതിഷേധപ്രകടനവും ധർണയും നടത്തി. കോളേജന്തരീക്ഷം സംശുദ്ധമാക്കാൻ, മെറിററുള്ള വിദ്യാർത്ഥികൾക്കുമാത്രം അഡ്മിഷൻ നല്കണമെന്ന ആവശ്യം വർഷാരംഭം മുതലേ എകെപിസിടിഎ ഉന്നയിച്ചിരുന്നു. പ്രീഡിഗ്രിക്ക് അത് പാലിക്കപ്പെട്ടു. എന്നാൽ ഡിഗ്രി അഡ്മിഷനിൽ കോഴയ്ക്കുവേണ്ടി വലിയ തിരിമറി നടത്തി. ഇതിനെതിരെ യൂണിവേഴ്സിററിയ്ക്ക് പരാതി നല്കാനും സംഘടന തീരുമാനിച്ചിട്ടുണ്ട്.

---

ടൊപ്പമല്ലാതെ ഉറപ്പ് വരുത്താനാവില്ലെന്ന് ജസ്ററിസ് കുൽദീപ്സിങ്ങും ജസ്ററിസ് ആർ. എം. സാഹ്യയും വിധിച്ചു. ജൂലൈ 30 ന്റെ ഈ സുപ്രീംകോടതി വിധി, കാപ്പിറേഷൻ ഫീസ് വാങ്ങുന്നതിനെതിരായ വ്യക്തമായ താക്കീതാണ്. വർഗപക്ഷപാതമാണിത് അടിവരയിട്ടുകാട്ടുന്നതെന്ന് ജഡ്ജിമാർ ചൂണ്ടിക്കാട്ടി. വിദ്യാഭ്യാസം സംബന്ധിച്ച ഭരണഘടനാ നിലപാടിന്റെ സുപ്രധാനമായ വ്യാഖ്യാനമാണ് ഈ വിധി. വ്യക്തികൾക്ക് ഉറപ്പുവരുത്തപ്പെട്ട മൗലികാവകാശം എല്ലാവർക്കും അനുഭവവേദ്യമാക്കാനുള്ള പരിതസ്ഥിതി സൃഷ്ടിക്കേണ്ട ഭരണഘടനാനുശാസിതമായ ബാധ്യത സ്റേറററിനുണ്ടെന്നും ഭരണഘടനയുടെ 41-ാം മാർഗനിർദേശക തത്വത്തിൽ കീഴിൽ വിദ്യാഭ്യാസത്തിനുള്ള അവകാശം യാഥാർഥ്യമാക്കാതിരുന്നാൽ ഭരണഘടനയുടെ മൂന്നാം അധ്യായത്തിൽ പറഞ്ഞ മൗലികാവകാശം വൻഭൂരിപക്ഷം വരുന്ന നിരക്ഷരിരിലേക്ക് ചെന്നെത്താതെ അവശേഷിക്കുമെന്നും അതിൽ പറഞ്ഞിരിക്കുന്നു.

ഈ വിധി ചരിത്രപ്രധാനമായ ഒന്നാണ്. എന്നാൽ ഐ എം എഫിന്റെയും ലോകബാങ്കിന്റെയും സമുദ്രാന്തര ഉപദേഷ്ടാക്കളുടെ ആജ്ഞക്ക് വഴങ്ങി ഇന്ത്യാഗവർമെണ്ട് വിദ്യാഭ്യാസത്തിനുള്ള അവകാശത്തിന് നേർക്ക് കടന്നാക്രമണം നടത്തുമ്പോൾ ഈ വിധി പ്രായോഗികമായി പ്രാവർത്തികമാക്കിതീർക്കുയെന്ന ശ്രമകരമായ കടമ രാജ്യത്തെ ജനാധിപത്യ വിദ്യാഭ്യാസ പ്രസ്ഥാനത്തിനുണ്ട്. സാമ്പത്തിക നയത്തിന്റെ ദിശയിൽ മാററം വരുത്തി വിദ്യാഭ്യാസത്തിനുവേണ്ടത്ര തുക ലഭ്യമാക്കാൻ കേന്ദ്ര ഗവർമെണ്ടിനെ നിർബന്ധിക്കാൻ കഴിയാത്ത പക്ഷം അതൊരു വീൺവാക്കായവശേഷിക്കുന്ന അക്കാദമീയ സമൂഹത്തിന്റെ വിപുലമായ ഐക്യവും കരുത്തുററ പോരാട്ടവും കൊണ്ടുമാത്രമേ അതുറപ്പുവരുത്താനാവൂ. □

# PRIVATISATION IN EDUCATION

*Dr. K. S. Chalam*
Director, Academic Staff College
Andhra University

The idea of privatisation has been made popular in public debates in recent times though it has been in operation for the last two decades. It has become significant in India particularly after 1985. Privatisation is a new term which is coming into prominence after the recent economic policy of the government. Every sector of the economy including the social sector is persuaded to pursue this option to achieve efficiency. It is now haunting the education sector also. Social scientists and politicians have started putting arguments and counter arguments in favour of and against privatisation in education now. Therefore it is essential to understand the concept and its scope before using it in the education sector.

The term is defined by an American Social Scientist as, "the act of reducing the role of government, or increasing the role of the private sector, in an activity or in the ownership of assests." It means that it is a change from one set of arrangement to another set of arrangement particularly with reference to the ownership of assets. This process, it is said takes place in a phased manner. Four startegies have been suggested by the pundits to put this theory into practice.

One, Government should encourage the market place and voluntary organisations to supply goods and services that it now provides. This is what they call as 'load shedding' that is the partial or complete withdrawl of government from an activity.

Two, where government involvement in an activity is necessary, government's role should be reduced by devolution, that is making greater use of the private sector through vouchers, franchise, and contracts.

Three, users charges should be introduced and levied to make the true cost of government service more evident, and.

Four, competition should be introduced and promoted whenever possible.

It appears from the above strategy that privatisation is more a political than an economic act. The greatest advantage that is claimed in favour of such an activity is economic efficiency. In fact a number of efforts have been made in the past both in India and outside to create an atmosphere for the concept to take its root. The concepts like planning, programming budgeting systems (PBBS) Zero Based budgeting, Management by objective, worker incentives, performance budgeting, centralising decentralising, productivity councils, computerisation, operations research etc., have been introduced into public sector. But the impact of all these on the efficiency of the govern-

ment is modest not only in its host country India, but even in its birth place, U S A. Therefore, privatisation appears to be the only solution the anti-Marxists say to 'whither away the state' and to infuse the 'individual liberty' in its place.

Now the question before most of the social scientists is whether the concept can be extended to public goods or 'merit goods'. Merit goods like education are private goods whose consumption generates external benefits. Realising the importance and the difficulty in assessing the consequences of it, the father of political economy and champion of Laisez Faire, Adam Smith had reserved education as one of the important functions of the state, the remaining two are Defence and Jurisprudence.

The concept of privatisation in education can be understood in contrast with public education or government support for education. As far as Andhra Pradesh is concerned, we do not have any private sector in operation in education in the formal educational system though in the Informal sub-sector, privatisation has taken place during the last 10 years. The existance of private aided colleges ever since the grant-in-aid system is introduced in Andhra pradesh, is not a case in point as these colleges receive grants from the state and are controlled by the government. Interestingly, privatisation did take place in education at the school level in the form of public schools and convents which are not directly controlled by government. In fact, education in Andhra Pradesh like in many parts of the country was provided by private individuals and families in the medieval period. It was the British India Government who brought it under the control of the state through democratisation in the 19th century. According to Adams report and Dharmapal's 'The Beautiful True' it is reported that scholars used to pay their teachers at the rate of one anna to one rupee depending upon the status of the student. Adam Smith has also proposed a similar scheme for teachers where in the teacher is expected to collect the fees from the students without fixing any salary and the effiency of the teacher through the free play of market forces it is expected, would ultimately determine the income of the teacher. Similar proposal has been mooted by Prof. V.M. Dandekar recently for the university and college teachers to make privatisation effective in higher education.

About three decades ago i.e., in the 1960s a debate was in force in the western countiies particularly in the U. K. and U. S. A. as to the need for private funding of higher education and the complete withdrawal of state support. A scheme of vouchers in the form of coupons to the parents of the students had been proposed with which the parents can supplement their spending and create market for education. Along with this scheme, a graduate tax has also been proposed to finance higher education. Both these proposals have been opposed by the public as well as by social scientists on the ground that such scheme would lead to parochialism, fragmentation of society and creation of dumping grounds for propaganda for denominational schools One must remember here that these countries have put forward these arguments at a time when 6 percent of their

GNP was used on education and 30 percent of the people in the corresponding age group were in higher education. The World Bank and IMF which propose privatisation in higher education have drawn example of success stories only from one or two third world experiments. But they do not indicate why the development countries did not prefer privatisation in education during the early part of their developmental efforts. The following are therefore, some of the issues that need to be answered before any effort is made to introduce privatisation in education at different levels.

1) Is there a theoretical framework to develop a market theory in education with categories like price, supply, demand, elasticity of demand, market etc. in education.

2) Can education be considercd only as a 'merit good' or is it not to be considered as a means to achieve an elusive end that is, achieving equality of opportunity.

3) In a democratic modern society positions of power, distribution of benefits and privileges take place through the process of recruitment where education plays a dominant role in determining the individual's share. Under these conditions, can privatisation be able to solve the problem of inequality in a caste-ridden society like India where inequalities are inherited and education may reduce such disabilities if it is used effectively by the state?

4) In case, efficiency and accountability are ensured and strictly implemented in education particularly in higher education, is it still necessary to privatise the whole of it. Are there any other sub-units like maintainance of buildings, equipments, infastructureetc., (to cite a few) be given to the private sector without compromising on the content of education. Can't we introduce user charges for library, computer, teacher's additional time, games and sports and other such services of education to recover a major part of unit cost of education.

5) Shouldn't we allow ourselves to follow the neocolonial dictates of our masters till we achieve the minimum standards which our masters have already achieved a hundered years ago and are now in a comfortable position to suggest measures without following such policies in their history.

6) Cann't we reform our education with new ideas like teacher and student accountability, Accreditation and Assessment councils etc., which may help to resolve some of the contradictions in the system

7) What are the lessons that we can learn from the consequences of Privatisation in the form of racial violence in the U S A about which Social Scientists like Jencks, Coleman and others have been pointing out with reference to education.

(College View)

□

# SUPREME COURT JUDGEMENT ON AGE OF RETIREMENT

IN THE SUPREME COURT OF INDIA CIVIL APPELLATE JURISDICTION CIVIL APPEALS NOS. 1680-87 WITH 1672-78 OF 1992

AND

WRIT PETITION NOS. 215 & 38 OF 1992 & 1098 OF 1991

T P George & Ors. etc. etc.

......Appellants
Petitioners

Versus

State of Kerala & Ors.

...Respondents

ORDER

Special leave granted.
Heard learned counsel for parties.

We are in agreement with the observations of the Division Bench of the Kerala High court in Writ Appeal No. 223 of 1991. quoted in the impugned judgement which run as follows :

"Though clause 26 of the Scheme Provides that the age of superannuation for teachers should be 60 years, and the scheme contemplates certain improvement in providing for assistance in that behalf, it is not a scheme which is statutorily binding either on the State Government or the different Univertities functioning in Kerala. What the State Government has done by its order dated 13-3-90 is to implement the UGC Scheme including revision of scales of pay in relation to teachers in Universities, including Kerala Agricultural University, affiliated colleges, Law colleges, Engineering Colleges and Qualified Librarians with effected from 1-1-1986, subject however to the express condition that in so far as the age of retirement is concerned, the present fixation of 55 years shall continue. The contention of the appellant is that the State Government having accepted the U G C Scheme, and as the scheme provides for a higher age of 60 years once the State Government accepted the Scheme, all the clauses of the Scheme became applicable. It is not possible to accede to this contention. Firstly, as already stated the U G C Scheme does not statutory mandate making it obligatory for the Government and the Universities to follow the same. Therefore the State Government had the discretion either to accept or not to accept the scheme. In its discretion it has decided to accept the Scheme, namely, in so far as the age of superannution is concerned, they will not accept the fixation of higher age provided in the Scheme. The State Government having thus accepted the Scheme in the modified form, the teachers can only get the benefit which flows from the Scheme to the extent to which it has been accepted by the State Government and the concerned Universities. The appellant cannot claim that major portion

of the Scheme having been accepted by the Government, they have no right not to accept the clause relating to fixation of higher age of superannuation. That is a matter between the State Covernment on the one hand and the University Grants Commission on the other, which was provided certain benefits by the Scheme. It is for the University Grants Commission to extend the benefit of the Scheme or not to extend the benefit of the Scheme, depending upon its satisfaction about the attitude taken by the State Government in the matter of implementing the same, that is a matter entirely between the State Government on the one hand and the Univsersity Grants Commission on the other. Teachers of the private institution concerned are governed by the Statutes framed under the relevant statutory enactment. As long as the superannuation remains fixed at 55 years and as long as the State Government has not accepted the UGC's recommedation to fix the age of superannuation at 60 years, teachers cannot claim as a matter of right that they are enitled to retire on attaining the age of 60 years.

We may clarify the scheme referred to UGC (University Grants Commission) Scheme of 1986 framed by the Government pursuant to the Malhotra Committee's Report. We may further point out that it is clear from paragrah 4 of the circular dated 17th June, 1987, addressed by the Ministry of Human Resources Development, department of Education, to the Education Secretary of all States UTs(Union Territories)that the adoption of the sceeme was voluntary, and the only result which might follow from the State Govenment and adopting the scheme might be that it may not get the benefit of the offer of reimbursement from the Government to the extent of 80 per cent of the additional expenditure involved in giving effect to the revision of pay scales as recommended by the Scheme.

We may further point out that the teachers in Universities are governed in respect of their conditions of service and the age of retirement by the separate statues made by the Universities concerned. On the other hand the teachers in private colleges or affiliated colleges are governed in respect of their conditions of service by regulations or rules framed by the Government (separate state of statues). In these circumstances, the two classes of University teachers and teachers in private colleges cannot be regarded as similar for purposes of conditions of service asto bring the case under Article 14 of the Constitution.

Although the appeals and the writ petition, in our view, connot succeed, we do feel that age of retirement fixed at 55 years in the case of teachers of affiliated colleges is too low. It is only after a teacher acquires several years of teaching experience that he really becomes adept at his job and it is unfortunate if the students have to lose the benefit of his experience by reason of an unduly early age of retirement. However, it is not for the Court to prescribe the correct age of retirement but that is a policy function requiring considerable expertise which can properly be done by the State Government or the State Legislature or the Universities concerned. We hope that some time in near future, the State Government will be able to consider the question and determine the age of retirement as it best thinks fit.

New Delhi,
March 24, 1992.

# AIFUCTO

## General Secretary's Report for the year 1991-92

*Adopted at the* Twentyfourth Annual (Academic) Conference of AIFUCTO *held at* SILIGURI (W. B.)

**22—24 MAY 1992**

---

The period since we met at Hissar in June '91 has been an unusual period both nationally and internationaly.

